പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5203 — 30/06/2014 ൽ മറുപടിക്ക്

## നല്ല സിനിമ നിർമ്മിക്കുന്നവർക്ക് പ്രോത്സാഹനം

ചോദ്യം — ഉത്തരം

ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി.പി. സജീന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) ആന്റ് (ബി) | നല്ല സിനിമ നിർമ്മിക്കുന്നവരേയും, പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന് കീഴിൽ രൂപീകരിച്ചിട്ടുളള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി.), ചലച്ചിത്ര അക്കാദമി എന്നിവ ശ്രദ്ധ ചെലുത്തുന്നുണ്ട്. കെ.എസ്.എഫ്.ഡി.സി.യ്ക്ക് കീഴിൽ തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ ചിത്രാഞ്ജലി സ്റ്റുഡിയോ മുഖേന ചലച്ചിത്ര നിർമ്മാണ സേവനങ്ങൾ പാക്കേജ് ആയി ലഭ്യമാക്കുന്നുണ്ട്. ഈ പാക്കേജ് വഴി നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് കേരള ഗവൺമെന്റ് സബ്സിഡി തുകയായ 5 ലക്ഷം രൂപ നൽകുന്നുണ്ട്. അവാർഡ് കിട്ടുന്ന ചിത്രങ്ങൾക്കും പനോരമ സെലക്ഷൻ ലഭിക്കുന്ന ചിത്രങ്ങൾക്കും 6 ലക്ഷം രൂപയാണ് സബ്സിഡി. അടുത്ത കാലത്ത് സിനിമാ നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ ഫിലിം ഫോർമാറ്റിൽ നിന്നും ഡിജിറ്റൽ ഫോർമാറ്റിലേയ്ക്ക് മാറിയത് പരിഗണിച്ച് ഡിജിറ്റൽ ഫോർമാറ്റിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്കും സബ്സിഡി ആനുകല്യം ലഭ്യമാക്കുന്നുണ്ട്. പുതിയ തലമുറയിലെ സംരംഭകർ ഈ സ്കീം വർദ്ധിച്ച തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം, സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ, നവാഗത സംവിധായകനുള്ള പുരസ്കാരം എന്നിവ ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്താറുണ്ട്. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| (സി) | ഇവരുടെ ചിത്രങ്ങൾ തീയേറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | (സി) ആന്റ് (ഡി) | നല്ല സിനിമ നിർമ്മിക്കുവാനുള്ള പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.നല്ല സിനിമകളെ പ്രോൽസാഹിപ്പിക്കുന്നതിനായി, മുഖ്യധാരാ ചിത്രങ്ങൾക്കൊപ്പം തന്നെ പ്രസ്തുത ചിത്രങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ ബോക്സോഫീസ് കളക്ഷൻ നോക്കാതെ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ നേരത്തേ പ്രദർശിപ്പിക്കപ്പെട്ടതും ഇതുവരെ പ്രദർശിപ്പിക്കാത്തതുമായ ചലച്ചിത്രങ്ങൾ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കാറുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം.? | | |

Saradadevi ll

സെക്ഷൻ ഓഫീസർ